# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 3498 16.12.2015 ൽ മറുപടിക്ക്.

### കുട്ടികൾക്കുനേരെയുള്ള അതിക്രമങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.എൻ. എ. ഖാദർ : | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) കുട്ടികൾക്കുനേരെയുള്ള ലൈംഗി കാതിക്രമങ്ങൾ, ബാലവേല, കുട്ടികളെ കടത്തൽ, ശൈശവ വിവാഹം എന്നിവ വർദ്ധിക്കുന്നത് നമ്മുടെ സാമൂഹിക പരിതസ്ഥി തിയെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ; | (എ) വിലയിരുത്തിയിട്ടുണ്ട്. |
| (ബി) കുട്ടികളുടെ അവകാശ സംരക്ഷണത്തിൽ കാര്യമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ഏത് രീതിയിലാണ് ഇത് കൈവരിക്കാൻ കഴിഞ്ഞത് ;<br><br>(സി) കുട്ടികളുടെ അവകാശ സംരക്ഷണത്തിനും അവർക്കു നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും പൊതുസമൂഹ ത്തിന്റേയും സന്നദ്ധസംഘടന കളുടെയും സഹകരണം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ? | (ബി) & (സി) ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള കമ്മീഷനുകൾ ആക്ട് 2005 കേന്ദ്ര സർക്കാർ പ്രാബല്യത്തിൽ കൊണ്ടുവരികയും പ്രസ്തുത നിയമത്തിലെ 17(1) വകുപ്പ പ്രകാരം സർക്കാർ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ രൂപീകരിക്കുകയും കൂടാതെ ജുവനൈൽ ജസ്റ്റിസ് ആക്ട്, ജുവനൈൽ ജസ്റ്റിസ് ചട്ടങ്ങൾ എന്നിവ നടപ്പിലാക്കുന്നതിനുള്ള നിർവഹണ സംവിധാനങ്ങളായ ജുവനൈൽ ജസ്റ്റിസ് ബോർഡുകൾ, ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ, ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ |

എന്നിവയുടെ പ്രവർത്തനത്തിലൂടെ കുട്ടികളുടെ അവകാശ സംരക്ഷണത്തിന് കാര്യമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കുട്ടികൾക്കു നേരെയുള്ള ലൈംഗിക അതിക്രമങ്ങൾ, ബാലവേല, കുട്ടികളെ കടത്തൽ, ശൈശവ വിവാഹം തുടങ്ങിയ പ്രവർത്തികൾ കുട്ടികളുടെ അവകാശ ലംഘനത്തിനും നിഷേധത്തിനും കാരണമാകുന്ന ഘടകങ്ങളെന്ന നിലയിൽ അവയ്ക്കെതിരെ കമ്മീഷൻ പരാതികളുടെ അടിസ്ഥാനത്തിലും സ്വമേധയും നടപടി സ്വീകരിക്കുയും ആവശ്യമായ ശുപാർശകൾ സർക്കാരിനും മറ്റ് അധികാര സ്ഥാനങ്ങൾക്കും നൽകി വരുന്നുമുണ്ട്. കൂടാതെ ഈ വിഷയങ്ങളെ അധികരിച്ച ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, ചർച്ചകൾ എന്നിവ നടത്തുകയും കൈപ്പുസ്തകങ്ങളും ലഘുലേഖകളും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നതുവഴി പൊതു സമൂഹത്തിന്റേയും സന്നദ്ധ സംഘടനകളുടെയും സഹകരണം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.